ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08.08.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇന്നും പാർലമെൻറിൽ നടപടി ക്രമങ്ങൾ തടസപ്പെട്ടു. രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു.

   **Parliament proceedings disrupted again today due to opposition protests on various issues; Rajya Sabha adjourned for the day.**

2. 79-ാമത് സ്വാതന്ത്ര്യ ദിനാഘോഷത്തിന് മുന്നോടിയായി രാജ്യത്തുടനീളം "ഹർ ഘർ തിരംഗ , ഹർ ഘർ സ്വച്ഛത" ക്യാമ്പയിന് തുടക്കമായി.

   **"Har Ghar Tiranga, Har Ghar Swachhata" campaign launched across the country ahead of the 79th Independence Day celebrations.**

3. പ്രധാനമന്ത്രി നരേന്ദ്ര മോദി, ബ്രസീൽ പ്രസിഡന്റ് ലുല ഡ സിൽവയുമായി ടെലിഫോൺ സംഭാഷണം നട ത്തി. വിവിധ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കാൻ ധാരണ.

   **Prime Minister Narendra Modi holds telephone conversation with Brazilian President Lula da Silva; reiterate commitment to enhance cooperation in various sectors.**

4. ഈ വർഷം ഏപ്രിൽ വരെ ചികിത്സാ ആവശ്യങ്ങൾക്കായി 1.31 ലക്ഷത്തിലധികം വിദേശ വിനോദസ ഞ്ചാരികൾ രാജ്യത്ത് എത്തിയതായി കേന്ദ്ര ടൂറിസം മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത്.

   **Over 1.31 lakh foreign tourists visited India for medical treatment till April this year, says Union Tourism Minister Gajendra Singh Shekhawat.**

5. 2040ഓടെ ഏറ്റവും മികച്ച ബഹിരാകാശ സാങ്കേതിക വിദ്യയുള്ള രാജ്യമായി ഇന്ത്യ മാറുമെന്ന് ഐഎസ്ആർഒ ചെയർമാൻ ഡോക്ടർ വി. നാരായണൻ.

India will become a leading nation in space technology by 2040, says ISRO Chairman Dr. V. Narayanan.

6. ബാങ്കോക്കിൽ നടക്കുന്ന അണ്ടർ 19 ഏഷ്യൻ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ അഞ്ച് ഇന്ത്യൻ താരങ്ങൾ സെമിഫൈനലിൽ പ്രവേശിച്ചു.

Five Indian boxers enter semifinals of Under 19 Asian Championships in Bangkok.

*********************************

## PARLIAMENT

വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളിലും നടപടികൾ തടസപ്പെട്ടു. ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിന് കീഴിൽ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി പോരാടിയവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടാണ് ഇരുസഭകളും സമ്മേളനം ആരംഭിച്ചത്. ഉച്ചയ്ക്ക് 12 മണി വരെ നിർത്തിവച്ച രാജ്യസഭയിൽ നടപടികൾ പുനരാരംഭിച്ചെങ്കിലും പ്രതിഷേധം രൂക്ഷമായതോടെ ഇന്നത്തേക്ക് പിരിയുകയായിരുന്നു. ബഹളത്തെ തുടർന്ന് രാജ്യസഭയിൽ ഇതിനകം 56 മണിക്കൂറിലധികം നഷ്ടപ്പെട്ടതായി ഉപാധ്യക്ഷൻ ഹരിവൻഷ് പറഞ്ഞു. 12 മണിക്ക് ലോക്സഭയിൽ നടപടികൾ പുനരാരംഭിച്ചെങ്കിലും ബഹളം രൂക്ഷമായതോടെ മൂന്ന് മണി വരെ നിർത്തിവച്ചു.

*********************************

## QUIT INDIA (INTRO)

ഇന്ന് ക്വിറ്റ് ഇന്ത്യാ ദിനം. 1942 ഓഗസ്റ്റ് എട്ടിനാണ് ബോംബെയിൽ നടന്ന അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി സമ്മേളനത്തിൽ മഹാത്മാഗാന്ധി, "പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക" എന്ന ആഹ്വാനം നൽകി ക്വിറ്റ് ഇന്ത്യ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. ക്വിറ്റ് ഇന്ത്യ ആഹ്വാനത്തെ തുടർന്ന് ഗാന്ധിജി, ജവഹർലാൽ നെഹ്റു, സർദാർ വല്ലഭ് ഭായ് പട്ടേൽ എന്നിവരുൾപ്പെടെയുള്ള ദേശീയ നേതൃത്വം അറസ്റ്റ് ചെയ്യപ്പെട്ടു. ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് സ്വാതന്ത്ര്യം നേടാനുള്ള രാജ്യത്തിന്റെ നീക്കത്തിന് ഊർജ്ജം നൽകിയ പ്രസ്ഥാനത്തിന്റെ 83-ാം വാർഷികമാണ്

ഇന്ന്. രാജ്യത്തിന്റെ സ്വാതന്ത്ര്യസമര ചരിത്രത്തിലെ നിർണായക അധ്യായമാണ് ക്വിറ്റ് ഇന്ത്യ പ്രസ്ഥാനമെന്ന് രാജ്യസഭാ ഉപാധ്യക്ഷൻ , ഹരി വംശ് പറഞ്ഞു. രാജ്യത്തിനെതിരെ നടന്ന അതിക്രമങ്ങളെ സമാധാന പരമായി ചെറുത്തതിന്റെയും രാജ്യത്തിൻറെ ഐക്യത്തിന്റെയും ഓർമ്മപ്പെടുത്തലാണെന്ന് ക്വിറ്റ് ഇന്ത്യ സമരം എന്ന് ലോക് സഭ സ്പീക്കർ ഓം ബിർല അഭിപ്രായപ്പെട്ടു .
( വോയിസ്........ )

*************************************

## HAR GHAR THIRANGA

79-ാമത് സ്വാതന്ത്ര്യ ദിനാഘോഷത്തിന് മുന്നോടിയായി രാജ്യത്തുടനീളം "ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛത" ക്യാമ്പയിന് തുടക്കമായി. ഓഗസ്റ്റ് 15 വരെയാണ് ക്യാമ്പയിൻ. പരിപാടിയുടെ ഭാഗമായി തിരംഗ ഘോഷയാത്രകൾ, ശുചിത്വ റാലികൾ തുടങ്ങിയവ സംഘടിപ്പിക്കും.

*************************************

## PM-BRAZIL

പ്രധാനമന്ത്രി നരേന്ദ്ര മോദി, ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവയുമായി ഇന്നലെ ടെലിഫോൺ സംഭാഷണം നടത്തി. പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളിൽ ഇരുനേതാക്കളും അഭിപ്രായങ്ങൾ കൈമാറി. വ്യാപാരം, സാങ്കേതികവിദ്യ, ഊർജ്ജം, പ്രതിരോധം, കൃഷി, ആരോഗ്യം തുടങ്ങിയ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കാൻ തീരുമാനിച്ചതായി പ്രധാനമന്ത്രിയുടെ ഓഫീസ് പ്രസ്താവനയിൽ അറിയിച്ചു.

*************************************

## INDIA-PHILIPPINES PREZ

ഏഷ്യൻ മേഖലയിൽ അഭിവൃദ്ധിയും വളർച്ചയും ഉറപ്പാക്കുന്നതിന് ഇന്ത്യയുമായി കൂടുതൽ പങ്കാളിത്തം ആഗ്രഹിക്കുന്നതായി ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് റോമാൽഡെസ് മാർക്കോസ്. ബെംഗളൂരുവിൽ ഇന്നലെ നടന്ന ഫിലിപ്പീൻസ്-ഇന്ത്യ

ബിസിനസ് ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഫിലിപ്പീൻസിൽ നിക്ഷേപം നടത്തുന്നതിനായി പരിപാടിയിൽ പങ്കെടുത്ത വിവിധ ഇന്ത്യൻ കമ്പനികൾ 18 ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു.

************************************

## MEDICAL TOURISM

ഈ വർഷം ജനുവരി മുതൽ ഏപ്രിൽ വരെ ഇന്ത്യയിലേക്ക് ചികിത്സാ ആവശ്യങ്ങൾക്കായി 1.31 ലക്ഷത്തിലധികം വിദേശ വിനോദസഞ്ചാരികൾ എത്തിയതായി കേന്ദ്ര ടൂറിസം മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്ത്. സംസ്ഥാനങ്ങളിലെയും - കേന്ദ്രഭരണ പ്രദേശങ്ങളിലെയും ഭരണകൂടങ്ങളാണ് മെഡിക്കൽ ടൂറിസത്തിന്റെ വികസനവും പ്രോത്സാഹനവും പ്രധാനമായും കൈകാര്യം ചെയ്യുന്നതെന്നും കേന്ദ്ര മന്ത്രി രാജ്യസഭയിൽ അറിയിച്ചു. മെഡിക്കൽ ടൂറിസം ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം 'ഹീൽ ഇൻ ഇന്ത്യ' കാമ്പെയ്‌നും സജീവമായി പ്രോത്സാഹിപ്പിക്കുന്നു.

************************************

## EC-RAHUL GANDHI

ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഉന്നയിച്ച വോട്ടർപട്ടികയിലെ കൃത്രിമം ഉൾപ്പെടെയുള്ള ആരോപണങ്ങൾ തള്ളി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. താൻ പറയുന്നത് സത്യമാണെന്ന് രാഹുൽ ഗാന്ധി വിശ്വസിക്കുന്നുണ്ടെങ്കിൽ തിരഞ്ഞെടുപ്പ് നിയമപ്രകാരം സത്യവാങ്മൂലം ഒപ്പിട്ടു നൽകണമെന്നും കമ്മീഷൻ പറഞ്ഞു. രാജ്യത്തെ പൗരന്മാരെ തെറ്റിദ്ധരിപ്പിക്കുന്നത് അവസാനിപ്പിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. അതേസമയം തിരഞ്ഞെടുപ്പിൽ കോൺഗ്രസ് വിജയിച്ച സംസ്ഥാനങ്ങളിലെ കമ്മീഷൻറെ പ്രവർത്തനങ്ങളെ കുറിച്ച് രാഹുൽ ഗാന്ധി ചോദ്യം ഉന്നയിക്കുന്നില്ലെന്ന് ബിജെപി വക്താവ് സാംബിത് പത്ര കുറ്റപ്പെടുത്തി. വോട്ടർ പട്ടികയിൽ കൃത്രിമം നടന്നിട്ടുണ്ടെന്നും സമീപകാല തിരഞ്ഞെടുപ്പുകളുടെ സുതാര്യത പരിശോധിക്കണമെന്നും രാഹുൽ ഗാന്ധി ന്യൂഡൽഹിയിൽ പത്രസമ്മേളനത്തിൽ ആരോപിച്ചിരുന്നു.

**************************************

## NETANYAHU- SINGH TALKS

ഇസ്രായേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു, ഇസ്രായേലിലെ ഇന്ത്യൻ അംബാസഡർ ജെ.പി. സിങ്ങുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യ-ഇസ്രായേൽ തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടായിരുന്നു കൂടിക്കാഴ്ച്ച. സുരക്ഷ, സാമ്പത്തികം എന്നീ മേഖലകളിലെ സഹകരണം ശക്തിപ്പെടുത്തുന്നതിൽ , ഇരു രാജ്യങ്ങളുടെയും താൽപ്പര്യങ്ങൾ യോഗത്തിൽ ചർച്ച്ചയായതായി നെതന്യാഹു സമൂഹമാധ്യമത്തിൽ കുറിച്ചു.

**************************************

## NSA-PUTIN (INTRO)

ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ ക്രെംലിനിൽ റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനുമായി കൂടിക്കാഴ്ച നടത്തി. നേരത്തെ, റഷ്യൻ സുരക്ഷാ കൗൺസിൽ സെക്രട്ടറി സെർഗെയ് ഷോയിഗുവുമായും ശ്രീ ഡോവൽ ചർച്ച നടത്തിയിരുന്നു. ഇന്ത്യയ്ക്ക് റഷ്യയുമായി സുദീർഘവും സവിശേഷവുമായ ബന്ധമാണ് ഉള്ളതെന്ന് അദ്ദേഹം പറഞ്ഞു. റഷ്യൻ പ്രസിഡന്റ് ഉടൻ ഇന്ത്യ സന്ദർശിക്കുമെന്നും ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അറിയിച്ചു. (വോയ്സ്........)

**************************************

## U19 ASIAN BOXING

ബാങ്കോക്കിൽ നടക്കുന്ന അണ്ടർ 19 ഏഷ്യൻ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ മെഡൽ നേട്ടം 12 ആയി ഉയർന്നു. ഇന്നലെ ഇന്ത്യയുടെ അഞ്ച് പുരുഷ ബോക്സർമാർ സെമി ഫൈനലിൽ കടന്നു. ഏഴ് വനിതാ താരങ്ങളും നേരത്തെ സെമി പ്രവേശനം നേടിയിരുന്നു.

**************************************

## ISRO

2040ഓടെ ഏറ്റവും മികച്ച ബഹിരാകാശ സാങ്കേതിക വിദ്യയുള്ള രാജ്യമായി ഇന്ത്യ മാറുമെന്ന് ഐഎസ്ആർഒ

ചെയർമാൻ ഡോക്ടർ വി. നാരായണൻ. - തിരുവനന്തപുരത്ത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡസ്ട്രിയൽ എഞ്ചിനീയറിംഗിൻറെ 67ആമത് ദേശീയ കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഓപ്പറേഷൻ സിന്ദൂറിന്റെ സമയത്ത് രാജ്യത്തെ ഓരോ പൗരന്റെയും ജീവൻ സംരക്ഷിക്കുന്നതിൽ ISRO നിർണായക പങ്കുവഹിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

***********************************

## K N BALAGOPAL

അമേരിക്ക നടത്തുന്ന താരിഫ് വർദ്ധന കേരളത്തിലെ കയറ്റുമതി മേഖലയിൽ വലിയ പ്രത്യാഘാതം ഉണ്ടാക്കുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇക്കാര്യത്തിൽ ഗൗരവതരമായ ചർച്ചകൾ നടക്കണമെന്നും പ്രധാനമന്ത്രി ശക്തമായ നിലപാട് എടുക്കുമെന്ന് പ്രതീക്ഷിക്കുന്നതായും മന്ത്രി പറഞ്ഞു.

***********************************

## VOTERS LIST – KERALA

കേരളത്തിൽ തദ്ദേശതിരഞ്ഞെടുപ്പിൻറെ വോട്ടർപട്ടിക പുതുക്കലിന്റെ ഭാഗമായി തദ്ദേശസ്ഥാപനങ്ങൾ നാളെയും മറ്റന്നാളും തുറന്നു പ്രവർത്തിക്കും. കരട് വോട്ടർപട്ടിക പുതുക്കുന്നതിനുള്ള തീയതി ഈ മാസം 12 വരെ നീട്ടിയിട്ടുണ്ട്. - 2025 ജനുവരി ഒന്നിനോ അതിന് മുൻപോ 18 വയസ്സ് പൂർത്തിയായവർക്ക് വോട്ടർപട്ടികയിൽ പേര് ചേർക്കാം. അന്തിമ വോട്ടർ പട്ടിക ഈ മാസം 30 ന് പ്രസിദ്ധീകരിക്കും.

***********************************

## WEATHER – KERALA

കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് ആറു ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കാപ്പിൽ മുതൽ പൊഴിയൂർ വരെയും ആലപ്പാട്ട് മുതൽ ഇടവ വരെയും കന്യാകുമാരി തീരത്തും കടലാക്രമണത്തിനും സാധ്യത.

**********************************

## PUTIN-TRUMP

റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനുമായി കൂടിക്കാഴ്ച നടത്തുമെന്ന് യുഎസ് പ്രസിഡൻറ് ഡൊണാൾഡ് ട്രംപ് . അടുത്തയാഴ്ച, യു എ ഇ - യിൽ വെച്ച് അമേരിക്കൻ പ്രസിഡൻറുമായി കൂടിക്കാഴ്ച നടത്തിയേക്കുമെന്ന് പുടിൻ പ്രസ്താവന നടത്തിയതിന് പിന്നാലെയാണ് ട്രംപിന്റെ പരാമർശം. അടുത്തയാഴ്ച കൂടിക്കാഴ്ച നടക്കുമെന്ന് ക്രെംലിൻ ഉപദേഷ്ടാവ് പറഞ്ഞു. അതേസമയം യുക്രൈനുമായി വെടിനിർത്തൽ കരാർ ഒപ്പിടാൻ റഷ്യയ്ക്ക് ട്രംപ് നൽകിയ സമയപരിധി ഇന്ന് അവസാനിക്കും.

**********************************

## US-INDIA: USHFA

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പ്രവർത്തനങ്ങൾ യുഎസ്-ഇന്ത്യ ബന്ധത്തെ അപകടത്തിലാക്കുമെന്ന് യുഎസ് ഹൗസ് ഫോറിൻ അഫേയ്ഴ്സ് കമ്മിറ്റി മുന്നറിയിപ്പ് . ഇരു രാജ്യങ്ങൾക്കുമിടെയിലെ ആശങ്കകൾ പരസ്പര ബഹുമാനത്തോടെയും ചർച്ചകളിലൂടെയും പരിഹരിക്കണമെന്ന് യുഎസ് കോൺഗ്രസ് പ്രതിനിധി ഗ്രിഗറി മീക്സ് അഭിപ്രായപ്പെട്ടു.

**********************************

## GAZA- NETANYAHU

ഗാസ നഗരം പിടിച്ചെടുക്കാനുള്ള ഇസ്രായേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹുവിന്റെ നിർദ്ദേശത്തിന് ഇസ്രായേൽ സുരക്ഷാ മന്ത്രിസഭ അംഗീകാരം നൽകി. ഗാസയിലെ യുദ്ധം അവസാനിപ്പിക്കുന്നതിനായി കൊണ്ടുവന്ന അഞ്ച് നടപടികളും സുരക്ഷാ മന്ത്രിസഭ അംഗീകരിച്ചു. യുദ്ധമേഖലകൾക്ക് പുറത്തുള്ള സാധാരണക്കാർക്ക് മാനുഷിക സഹായം വിതരണം ചെയ്യുന്നതിനൊപ്പം ഗാസ നഗരത്തിന്റെ നിയന്ത്രണം

ഏറ്റെടുക്കാൻ ഇസ്രായേലി പ്രതിരോധ സേന തയ്യാറാകുമെന്നും ഔദ്യോഗിക പ്രസ്താവനയിൽ പറഞ്ഞു.

************************************

*********************************************************************************************

**************************************************